# ST. THOMAS H.S.S AMBOORI

## PRESENTS

# SANTHOME TIMES

## DIGITAL MAGAZINE

# ഉള്ളടക്കം

1.ഇരുട്ടറയിൽ ഒരു വെളിച്ചം.....................................5

2.ഒരു കുടന്ന വെളിച്ചമായ്.........................................8

3.കൗമാര വിശുദ്ധി....................................................9

4.വിശുദ്ധിയുടെ പോരാളികൾ.....................................10

5.വിശുദ്ധി ഈശോയിലേക്കുള്ള പാത......................... 11

6.വിശുദ്ധിയിലൂടെ ഈശോയിലേക്ക്............................14

7.വിശുദ്ധി ദൈവദാനം.............................................16

8.സ്നേഹം...................................................................19

9.അതിജീവനത്തിന്റെ നാളുകൾ..................................21

10.പൂക്കളൊക്കെ വാക്കുകളാകുമ്പോൾ.........................22

11. സൗന്ദര്യ ലഹരി.....................................................23

12.വിശുദ്ധിയിലൂടെ ഈശോയിലേക്ക് ജാങ്കോയുടെ

തീരുമാനം...................................................................25

13.നഗരത്തിൽ ഒരു യക്ഷൻ ......................................27

# OUR SCHOOL



**OUR SCHOOL IS PROUD OF US.....**

**WE ARE PROUD OF OUR SCHOOL.....**

## ഇരുട്ടറയിൽ ഒരു വെളിച്ചം

രാശ്മി 9D

"തെറ്റായ വഴിയിലൂടെ ഞാൻ സഞ്ചരിച്ചു .എന്റെ ജിവിതം നശിപ്പിക്കപ്പെട്ടു . ഇനി ഞാൻ പച്ചയായ മാംസം പോലെ ജിവിക്കുന്നതിൽ അർത്ഥമില്ല . ഞാൻ എന്നെത്തന്നെ വെറുക്കുന്നു . ഈ ജിവിതം ഞാൻ വെറുക്കുന്നു . ഇന്ന് ഞാൻ ഇല്ലാതായിരിക്കുന്നു .ഈ ജിവിതം ഞാൻ നശിപ്പിക്കുന്നു ......." ഇതെഴുതുമ്പോൾ ടീനയുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു .

ദു :ഖം തടംകെട്ടിക്കിടന്ന അവളുടെ കണ്ണുകളിലൂടെ കണ്ണുനീർ വാർന്നൊഴുകി . തണുത്ത മരവിച്ച കൈകളിലേക്ക് അവൾ ഒരു കുപ്പി എടുത്തു . കൈകാലുകൾ വിറയ്ക്കുന്നുണ്ടായിരുന്നു . നിറം മങ്ങിയ ആ കുപ്പിയിൽ നിന്നും അവൾ എന്തോ എടുത്തു . മെല്ലെ അത് വായിലേക്കടുപ്പിച്ചു . എന്നാൽ ഒരു നിമിഷത്തേക്ക് അവളുടെ കണ്ണുകൾ മുറിയിലിരുന്ന എല്ലാം ക്ഷമിക്കുന്നവനായ കരുണാമയനായ കർത്താവിന്റെ ചിത്രത്തിൽ ഉടക്കി . എന്തെല്ലാമോ അലോചിച്ചു കൊണ്ട് അവൾ കൈകൾ മെല്ലെ താഴ്ത്തി.

എല്ലാം സുഖസൗകര്യങ്ങളുമുള്ള വീട്ടിലാണ് ടീന ജനിച്ചത്. ഒരുപക്ഷെ സുഖസൗകര്യങ്ങളുടെ എണ്ണം കൂടിയതിനാലാവണം അവൾ ഇന്ന്
ഈ നിലയിൽ ഇരിക്കുന്നത്.എല്ലാ സുഖസൗകാര്യങ്ങൾക്കിടയിലും അവളെ നൊമ്പരത്തിന്റെ താഴ്വാരങ്ങളിലേയ്ക്കെത്തിക്കുന്ന ഒന്നുണ്ടായിരുന്നു . ഏകാന്തത ഒരു പെൺക്കുട്ടിയായതിനാലാവണം ,അവൾ വിട്ടിൽ

പലപ്പോഴും അവഗണിക്കപ്പെട്ടിരുന്നു . അവളെ ഭൂമിയുടെ നെറുകയിലേൽ
പ്പിച്ച്
അവളുടെ അമ്മ ഇഹലോകവാസം വെടിഞ്ഞു . ഒരുപക്ഷേ പിറന്നുവീണ
നിമഷംത്തന്നെ തന്റെ ഭാര്യയെ കൊന്നതിലുള്ള അമർഷമാകാം അച്ഛന്,
സ്വന്തം അമ്മയെ ഇല്ലാതാക്കിതിന്റെ വിരോധമാകാം ചേട്ടന് അവളോട്.

കൊട്ടാരം പോലുള്ള ആ വലിയ വീട്ടിൽ അവൾ തന്റെ ചെറിയ മുറിയിൽ സമയം ചെലവഴിച്ചു. പ്രായമായപ്പോൾ പഠനത്തിനായി ഒരു കംപ്യൂട്ടർ കിട്ടി. അതോടെ അവൾ അനുഭവിച്ചിരുന്ന ഏകാന്തതയ്ക്ക് അൽ പം ശമനം കിട്ടി. സദാ അതിന്റെ മുന്നിലിരുന്ന് അവൾ സമയം തള്ളി നീക്കി. വലിയ പഠനമില്ലായെങ്കിലും ഉണ്ടായിരുന്നതിനേക്കാൾ കഷ്ടമായി പഠനം .
അങ്ങനെയിരിക്കെ ഒരു ദിവസം കംപ്യൂട്ടറിൽ എന്തോ
പരതിക്കൊണ്ടിരിക്കെ പെട്ടെന്നാണ് അത് അവളുടെ ശ്രദ്ധയിൽ പ്പെട്ടത്.
ഒരു ഫ്രണ്ട് റിക്വസ്റ്റ്. കണ്ടമാത്രയിൽ തന്നെ അവൾക്കിഷ്ടപ്പെട്ടു. ഒരു
കിടിലൻ, ഫ്രീക്കൻ ചെറുക്കൻ. പിന്നെയങ്ങോട്ട് 'ചാറ്റ്' കളുടെ
ദിനങ്ങളായരുന്നു .

എകാന്തതയുടെ താഴ് വാരങ്ങളിൽനിന്ന് അവളെ അവൻ
കൈപിടിച്ചുയർത്തുന്നതായി അവൾക്കുതോന്നി . പ്രണയം നിറഞ്ഞ
അവന്റെ
വാക്കുകൾ അവളുടെ ഹൃദയത്തിൽ ഒരു പൂക്കാലം തന്നെ സൃഷ്ടിച്ചു.
വസന്തം
നിറഞ്ഞ അവരുടെ നിമിഷങ്ങളിൽ അവൾ ഒരുപാട് ആഹ്ലാദിച്ചു, ഈ 'ചാറ്റ്
'
എവിടെച്ചെന്ന് എത്തും എന്ന്പോലും ഓർക്കാതെ .

അങ്ങനെ പ്രണയത്തിന്റെ അന്ധതയിലാഴ്ന്നിരിക്കവേ , നേരിൽ കാണാം എന്നൊരു സന്ദേശം പിന്നെയൊന്നും ഓർത്തില്ല . കാണാം എന്ന് മറുസന്ദേശം അയച്ചവൾ . ഇനി എന്താണ് ആലോചിക്കേണ്ടത് . വീട്ടുകാര് ഇതുവരെ എന്നെ നന്നായിട്ട് കണ്ടിട്ടില്ല , എന്റെ ആവശ്യങ്ങൾ ചോദിച്ചിട്ടല്ല . ഇങ്ങനെ സ്വയം ന്യായികരിച്ച് ടീന അവനെ കാണാനായി പുറപ്പെട്ടു . ഒരുപാട് നാളായുള്ള അവളുടെ ആഗ്രഹം ഇന്ന് സഫലമാകുകയാണ് . ഫോട്ടോയിലൂടെ കണ്ടതിനേക്കാൾ നല്ല ഭംഗിയുണ്ടെന്ന് അവൾക്ക് തോന്നി .
പ്രണയം നിറഞ്ഞ വാക്കുകൾ പറഞ്ഞുകൊണ്ട് അവൻ അവളെ തഴുകി . ആരിൽനിന്നും ലഭിക്കാത്ത സ്നേഹം അവനിൽ നിന്ന് കിട്ടിയപ്പോൾ അവൾ എല്ലാം മറന്നു .

ഭംഗിയാർന്ന പ്രണയവാക്കുകൾ പറഞ്ഞുകൊണ്ടവൻ അവളുടെ മനസ്സകവർന്നെടുത്തു . ഇപ്പോഴിതാ . . . . . . . . . . . .

ദിവസങ്ങൾ കഴിഞ്ഞു . ‘ ചാറ്റില്ല ' അവളുടെ മനസ്സിൽ എന്തൊക്കെയോ സംശയങ്ങൾ ഉയർന്നു . “ ഇല്ല , തിരക്കുകൊണ്ടായിരിക്കാം ചാറ്റ് ചെയ്യാൻ കഴിയാത്തത് " എന്നൊക്കെപറഞ്ഞ് അവൾ സ്വയം ആശ്വസിപ്പിക്കാൻ ശ്രമിച്ചു . എന്നാൽ എത്ര ആശ്വസിപ്പിക്കാൻ ശ്രമിച്ചാലും യാഥാർത്ഥ്യം അത് മനസ്സിലാക്കാതിരിക്കാൻ പറ്റില്ല . ഒടുവിൽ താൻ വഞ്ചിക്കപ്പെട്ടു എന്ന യാഥാർത്ഥ്യം അവൾ മനസ്സിലാക്കി .

ഈശോയുടെ തിരുമുഖത്തിന്റെ ചിത്രത്തിനു മുമ്പിലിരുന്ന് ഇത്ര നാൾ ജീവിതത്തിൽ സംഭവിച്ചതെല്ലാം ഓർത്ത് ഒരു നീണ്ട നിശ്വാസം ഉതിർന്നു .

# ഒരു കുടന്ന വെളിച്ചമായ്

ഗോപു ആർ എസ് 9D

ഒരിക്കൽ ഒരു മനുഷ്യന് തന്റെ കൃഷിയിടത്തിൽ നിന്ന് അതിമനോഹരമായ ഒരു വെണ്ണക്കൽപ്രതിമ കുഴിച്ചെടുത്തു. സൗന്ദര്യവസ്തുക്കളെ സ്നേഹിക്കുകയും അവ ശേഖരിക്കുകയും ചെയ്തിരുന്ന ഒരാളുടെ അടുത്തേക്ക് അയാള് അതുമായി ചെന്നു. അയാള് ആ പ്രതിമയ്ക്ക് ഒരുവലിയ തുകയ്ക്ക് സൗന്ദര്യാസ്വാദകനു വിറ്റു.

പണവുമായി വീട്ടിലേക്കു മടങ്ങുമ്പോള് അയാള് ഇങ്ങനെ ചിന്തിക്കാന് തുടങ്ങി: ഈ പണം എന്തു മാത്രം ജീവിതസൗകര്യങ്ങളാണ് നൽകുന്നത്! എല്ലാവരാലും അവഗണിക്കപ്പെട്ട് ആയിരത്തോളം വർഷങ്ങളായി മണ്ണിനുള്ളിൽ പുതഞ്ഞുകിടന്നിരുന്ന ഒരു മൃതശിലാഖണ്ഡത്തിനു പകരമായി ഇത്രമാത്രം പണം നൽകി ഏതു വിഡ്ഢി വിലയ്ക്കുവാങ്ങും?

അപ്പോള് തന്റെ കൈക്കലെത്തിച്ചേർന്ന പ്രതിമയിലേക്കു നോക്കി സൗന്ദര്യാസ്വാദകന് ഇങ്ങനെ ചിന്തിക്കുകയായിരുന്നു:എന്തൊരു സൗന്ദര്യം! എന്തൊരു ജീവപ്രകാശം! ആയിരം വർഷങ്ങളുടെ നിർമ്മലമധുരമായ നിദ്രയ്ക്കുശേഷം എന്റെ കൈകളിലെത്തിച്ചേർന്നിരിക്കുന്നത് ഏത് ആത്മാവിന്റെ സ്വപ്നമാണ്! മൃതവും സ്വപ്നരഹിതവുമായ പണത്തിനു പകരമായി ഇതിനെ കൈമാറാന് ആർക്കു തോന്നും?

# കൗമരവിശുദ്ധി

അന ബിനോ 9D

ലോകം വിളിക്കുമി നമ്മെ

നാമോ തേടുന്നു ലോകത്തെ

തിന്മയെന്നറിവില്ല നന്മേയാകണ്ടില

വഴിതെറ്റും ആട്ടുപോൽ നാമലഞ്ഞു

മാതാവ് പറയും നൽവാക്കുകൾ

ദൈവത്തിൽ പുത്രാ കനിയണമെ

നിൻഹിതം എന്നിൽ നിറവേറണം

അരുതെ എന്നിൽ പാപം അരുതെ

ഈ കൗമാര ജീവിതം ഞാൻ നിന്നിൽസമർപ്പിക്കുന്നു

ലോകാനാഥാ നീ വിശുദ്ധനെപ്പോലെ എന്നെ ആക്കണമെ

എന്നിൽ നിന്ന് പാപത്തെ അക്കറ്റണമെ

സാത്താനെ നിൻ കളികൾ ഇവിടെ വേണ്ട

ദൈവത്തെ ആരാധിച്ച അവിട്ടുത്തെ പുകഴ് ത്തി പാടി

ഞാൻ നിന്നെ നമിക്കുന്നു

ഈ ജീവിത കാലത്ത്

എന്നിൽ പാപം അരുതെ

എന്നിൽ വിശുദ്ധിയുടെ മാലകൾ ചാർത്തേണമേ

കാക്കണമേ നാഥാ വിശുദ്ധിയിൽ എന്നെ വളർത്തേണമെ

സാത്താന്റെ പാപകെണിയിൽ നിന്ന് എന്നെ കെണിയിൽ നിന്ന്

എന്നെ അനുവദിക്കരു

# വിശുദ്ധിയുടെ പോരാളികൾ

അലീന ബിനോ 9D

വിശുദ്ധി തന്നുടെ കാവൽക്കാരായ്
കൗമാരാക്കാർ നാം മാറേണം
ദേഹം ഉപേക്ഷിച്ച് ആത്മാവുതേടി
യേശുവിലലിൽ ചേരേണം
സത്യം, നന്മ, നീതി ബോധ
പരിരക്ഷകരായ് തീരേണം
വിശുദ്ധർ ചെന്നൊരു മാത്രകനോക്കി
വിശുദ്ധജനമായ് തീരുമ്പോൾ
കൗമാരക്കാർ നമ്മൾ സഭയുടേ
നെട്ടത്തൂണുകളായി തീർന്നീടാം
പാപക്കുരിശുകളേറും നേരം
വിശുദ്ധിയൊരിക്കലും വെടിയരുതേ
നാശക്കുഴിയിൽ വീഴും നേരം
ദൈവത്തെ നീ മറക്കരുതെ
കാരുണണ്യത്തിൻ വെൺമഴയായ
കർബാന നാം കൈകൊള്ളുമ്പോൾ
പാപം നീക്കി ശാപം മാറ്റി
യുവജനമായ് നാം യാറീടും
വിശുദ്ധിതൻ പടയാളികളായ്ത്തീർന്നീടാം
ഈശോനാഥൻ ചൊന്നതുപോലെ
അജഗണമായ് നാം മാറീടാം
സ്നേഹത്താൽ മുദ്രിതമായൊരു
നവജനമായ് നാം മാറീടാം

*വിശുദ്ധിതന്നുടെ കാവൽക്കാരും*

*പരിരക്ഷകരുമായ് തീർന്നീടാം*

## വിശുദ്ധി ഈശോയിലേക്കുള്ള പാത

**ഗോപു ആർ എസ്** 9D

ജീവിതത്തിൽ നാമെല്ലാവരും ആവശ്യമായൊരു കാര്യമാണ് വിശുദ്ധി.വിശുദ്ധി നമ്മുടെ ജീവിതത്തിൽ അനിവാര്യമായ ഒരു കാര്യമാണ്.ഈശോ നമ്മളോട് പറയുന്നത് നമ്മൾ വിശുദ്ധിയുള്ളവനാണ്.ഈശോ സഹിച്ച പീഡാസഹനങ്ങൾ നാമൊരോരുത്തര്ക്കും വേണ്ടിയുള്ളതാണ്.ഈശോ നമ്മളെസ്നേഹിച്ച ജീവിതാവസാനം വരെ സ്നേഹിച്ചു.നമ്മുടെ ഓരോരുത്തരുടെയും പ്രാർത്ഥന നമ്മൾ അതെപ്പക്കലിലേക്ക് ഇപ്പോഴും സമർപ്പിക്കുന്നുണ്ട്.അതേ പോലെ തന്നെ നമ്മുടെ ജീവിതാവസാനംവരെ നമ്മൾ വിശുദ്ധിയുള്ളവരായിക്കുവാൻ വേണ്ടി നമ്മുടെ രക്ഷകനും കർത്താവുമായി ഈശോയോട് നാമൊരുത്തർക്കും
പ്രാർത്ഥിക്കാം.

ഒരിക്കൽ ഒരാൾ ഒരു മരച്ചുവട്ടിൽ ഇരിക്കുകയാണ്.അപ്പോഴാണ് മറ്റൊരു മനുഷ്യൻ അതു വഴി വന്നത്.അവർ രണ്ടു പേരുംപരസ്പരം മിണ്ടുന്നില്ല.രണ്ടാമത് വന്ന ആ മനുഷ്യൻ മരത്തിൻ ചുവട്ടിൽ ഇരിക്കുന്ന ആ മനുഷ്യനെ അറിയില്ല. എന്നാൽആ മനുഷ്യന് ഒരു ദു:ഖം ഉള്ളിലുണ്ട് എന്ന

കാര്യം അറിയാമായിരുന്നു.അയാളുടെ ദു:ഖം ആയിരിക്കാം ഇതിനു കാരണം.ചിലപ്പോൾ അയാളുടെ സാമ്പത്തികമായ എന്തെങ്കിലും പ്രശ്നങ്ങളുമായിരിക്കാം.ഒരു മനുഷ്യനാക്കുകയും അല്ലാതാക്കുകയും ചെയ്യുന്നത് അയാളുടെ സാമ്പര്യമാണ്.അയാളുടെ മനസ്സിലുള്ള കാര്യംഅയാൾക്ക് ഒരാളോട് പറയണമെന്നുണ്ടായിരുന്നു എന്നാൽ അയാളുടെ മനസ്സ് അതിന് അനുവദിക്കുന്നില്ല.അയാളുടെ യഥാർത്ഥ പ്രശ്നം അയാൾ ഇപ്പോൾ ഓറ്റയ്ക്കാണ് അയാളെ സഹായിക്കാനോസ്നേഹിക്കാനോ സാന്ത്യനിപ്പിക്കാനോ ആരും കൂടെയില്ല.അയാളുടെ ഭാര്യ മരണപ്പെടുകയും മക്കൾ അയാളെ നോക്കാതെ ഉപേക്ഷിക്കുകയും ചെയ്തു. ഇങ്ങനെ
മാനസികമായി അയാൾക്ക് ദു;ഖമുണ്ടായി. ഒരു മനുഷ്യനോട്
ഈ കാര്യം തുറന്നു പറഞ്ഞപ്പോൾ ആ മനുഷ്യന്റെ വിശുദ്ധിയും അത് കേട്ട അളുടെ വിശുദ്ധിയും നമുക്ക് മനസ്സിലാക്കാൻ കഴിയും. ജീവിതത്തിലോ മനസ്സിലോ കള്ളത്തരം ഇല്ലാത്തൊരു വ്യക്തിയുടെ ജീവിതത്തിൽ ഇടപെടാനും കാര്യങ്ങൾ മനസിലാക്കുവാനും നമുക്ക് ഒരു മനസ്സുണ്ടാകും.നമ്മുടെ കർത്താവായ ഈശോമിശിഹായുടെ
ജീവിത പാത എന്നു പറയുന്നത് തന്നെ പീഡനങ്ങളും, സഹനങ്ങളുമാണ് നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന ചെറുതും വലുതുമായ കാര്യങ്ങൾക്കും അപ്പുറം എത്രയോ

പ്രാവശ്യം ആ ദ്രവ രക്ഷകൻ നമ്മുക്ക് ഗാഗുൽത്തായിൽ രക്തം ചിന്തി ആ രക്തത്തിന്റെ പകുതി പോലും നാം ചിന്തിട്ടുണ്ടാവില്ല. അതേ പോലെ തന്നെ വിശുദ്ധന്മാർ, പരിശുദ്ധഅമ്മ,വി.മദർ തെരേസ,അൽഫോസാമ്മ ഇവരുടെ ജീവിതമെടുത്താൽ ത്യാഗത്തിന്റെ കദനത്തിന്റെയും കദനകഥകൾ നമുക്ക് മനസിലാക്കാൻ കഴിയും. അത്രമാത്രം വലുതാണ് നമുടെ ജീവിതത്തിൽ വിശുദ്ധിയെ കൊണ്ട് സാധിക്കും.

കുഞ്ഞുങ്ങളായ നമ്മൾ ദൈവത്തിന്റെ മാതൃകയാൽ വളരേണ്ടവരാണ്. നമ്മുടെയൊക്കെ ജീവിതം രക്ഷകനായ ഈശോ പറയുന്നത് ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ എന്നാണ്.

ഈ ലോകാവസാനം ഈ ലോകത്തിലേ എല്ലാവരും വിശുദ്ധിയുള്ളവരാുവാനാണ് ഈശോ ആഗ്രഹിക്കുന്നത്. കാലങ്ങൾ ഇനിയും മാറും ഇനിയെന്തും ഇനിയെങ്ങനെയാകണമെന്നും സത്യത്തിന്റെയും നീതിയുടെയും മാർഗ്ഗത്തിൽ വേണ്ടി രക്തം ചിന്തിയ ദിവ്യദായക നിനക്ക് നന്ദിയും സ്തോത്രവും അർപ്പിക്കുകയാണ് ഞങ്ങൾ . എന്ന് പറഞ്ഞു കൊണ്ടാണ് ആ ചുവട്ടിലിരുന്ന മനുഷ്യന്റെ ഭാര്യ മരണ പെട്ടത് അത്രമാത്രം അവൾക്ക് അവളുടെ ഭർത്താവിനെ ഇഷ്ടമായിരുന്നു. ആ ഭാർത്താവിനെ തന്നിതിനാൽ അവളുടെ മരണത്തിന് തൊട്ട് മുമ്പ് വരെ

അങ്ങനെ പറയുകയാണ് അവൾ മരണപ്പെട്ടത്. ഈ കാര്യം അയാൾ മറ്റേ മനുഷ്യനോട് പറയുകയാണ്.

## വിശുദ്ധിയിലൂടെ ഈശോയിലേക്ക്

അലൻ ബിജു 9D

ഒരു പാവപ്പെട്ട കുടുംബം .അച്ഛനും അമ്മയും മക്കളുംമടങ്ങുന്ന സന്തോഷമുള്ള കുടുംബം .അവർ മുന്ന് മക്കളാണ് ജോസഫ് ,ജോസ്,ജോസ്ന .ജോസഫ് അഛന്റ കൂടെ ജോലിക്ക് പോകും .ജോസും ജോസ്നയും പടിക്കുന്നവരാണ്.ജോസ്നഎല്ലവർക്കും പ്രിയപെട്ടവൾ പഠനത്തിൽ അതിസമർധ മറ്റുള്ളവർക്കു യേശുവിനെക്കുറിച്ച് പറഞ്ഞ്കൊടുക്കുന്നതിൽ താൽപര്യം ഉള്ളവൾ.ജോസ്ന ദിവസവും പള്ളിയിൽ പോയി പ്രാർത്ഥിക്കും.തനിക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനെക്കാൾ കൂടുതൽ സമയം അവൾ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കും.തന്റെ ഓരോ പ്രവർത്തനവും യേശുവുനൊട് പ്രാർത്ഥിക്കും.എല്ലവർക്കും അവളിൽ വലിയ പ്രതീക്ഷയാണ്.കുറച്ച് വർഷങ്ങൾക്കു ശേഷം അവർ പണക്കാരായി.ജോസഫും ജോസും ധുപർത്തൻമരായി എന്നാൽ ജോസ്ന മാത്രം യേശുവിനൊടു ചോതിക്കാതെ ഒന്നും ചെയ്യില്ല.ജോസഫും ജോസും പുതിയ ലോകത്തായ അഛനും അമ്മയും പറയുന്നതു അനുസരിക്കില്ല.ആ ധൂർത്ത പുത്രൻമാർ വീട്ടിൽ

നിന്നിം അകന്നു.പിന്നെ പറയുന്ന ധൂർത്ത പിത്രന്മാർ പതുക്കെ പതുക്കെ ലഹരിക്ക് അടിമയായിമാറി,എന്നാലും ജോസ്ന തന്റെ സഹോദരന്മാരെ ദൈവത്തിലെക്ക് അടുപ്പിക്കാൻ ശ്രമിച്ചു.പക്ഷെ അവർ ജോസ്നയെ വകലച്ചില്ല.വർഷങ്ങൾക്ക് കഴിന്നു.ജോസ്ന ദൈവവുമായി വിണ്ടും അടുത്തു അവളിൽ അത് ദൈവവുമായി വീണ്ടം അടുത്ത് അവളിൽഅത് ദൈവചൈതന്യമായി മാറി. അതുപോലെതന്നെ അവൾ ഭയന്നതുപോലെ തന്റെ സഹോദരൻമാർ ദരിദ്രരായി മാറി. അപ്പോൾ അവൾ അവരെയും വിളിച്ച് തന്റെ കൂടെ കൊണ്ടുപോയി. അവൾ പറയുന്നത് പോലെ ഒരുക്കാൻ തുടങ്ങി. ഒരു ദിവസം അവളുടെ വീട്ടിൽ ഒരു അന്ധൻ വന്നു. പാവം അയാൾ കാഴ്ചയില്ലാതെ എന്തു വിഷമിക്കുന്നു എന്ന് അവൾ പറഞ്ഞതും ആ അന്ധന് കാഴ്ച കിട്ടി. അങ്ങനെ അവൾ ഒരു മാലാഖയായി. അവൾ മരിച്ചതിനു ശേഷവും അവളുടെ മദ്ധ്യസ്ഥവും അപേക്ഷിക്കുന്നവരെ രക്ഷിച്ചു. അവളുടെ വിശുദ്ധി ഈശോയിലേക്ക് അവളെ നയിച്ചു.

# വിശുദ്ധി ദൈവദാനം

ഡോണ തോമസ് 9C

ജന്മം നൽകി പോറ്റിവളർത്തിയ മകളെ ഹോസ്റ്റലിലേക്ക് അയയ്ക്കാൻ ആ അമ്മ ഒട്ടും ഇഷ്ടപ്പെട്ടിരുന്നില്ല.

അന്ന നന്നായി പഠിക്കുന്ന കുട്ടിയായയാണ്.എൻഡ്രൻസ് അഡ്മിഷൻ ലഭിക്കുകയും ചെയ്തു. ഹോസ്റ്റലിലായാലും അവളെ നമുക്ക് അറിയാമല്ലോ. കുട്ടി പഠിക്കട്ടെ.വികാരിയച്ചന്റെ വാക്കുകൾ . ഇനി കഷ്ടിച്ച് ഒരാഴ്ച്ചയേയുള്ളൂ ക്ലാസ് തുടങ്ങാൻ .ബാംഗ്ലൂരിലെ ഹോസ്റ്റലേക്ക് മകളെ ഒറ്റയ്ക്ക് വിടണമല്ലോ എന്നോർത്ത് അമ്മയുടെ ഉള്ളം നിറഞ്ഞു. എന്നാൽ കൂട്ടുകാരികൾക്ക് ലഭിക്കാത്ത അവസരം തന്നെ തേടിയെത്തിയല്ലോ എന്നോർത്ത് അന്ന സന്തോഷിച്ചു.വികാരിയച്ചെന്റെ നേതൃത്വത്തിൽ ഹേസ്റ്റലിലേക്ക് പോകുന്നേരം അമ്മ ഓർമ്മിപ്പിച്ചു.മോളേ മായക്കാഴ്ച്ചയുടെ ലോകമാണത് പാപകെണികളാണങ്ങും .......ജിവൻ പോയാലാും വിശുദ്ധി നീ കൈവെടിയരുത് അമ്മ നിനക്കായി എന്നും പ്രാർത്ഥിക്കും. ഒരു ദിവസത്തെ യാത്രയ്ക്ക് ശേഷം അവൾബാംഗ്ലൂരിലെത്തി .

എത്ര വലിയ നഗരം .എങ്ങും ഡിസ്കോ ബാറുകളും ഫാൻസി ഷോപ്പുകളും എന്നാൽ അവളുടെ മനസ്സിൽ അമ്മയുടെ വാക്കുകൾ ഒരു കണ്ണാടിയിലെന്നപോലെ തങ്ങി നിന്നു.

കോളേജിൽ ക്ലാസിൽ പിറ്റേദിവസം തുടങ്ങും.പുസ്തകങ്ങളും ബുക്കുകളും എടുക്കുന്നതിനിടയിൽ അവൾ ഒന്നുകൂടി കരുതി ജപമാല .ആ ജപമാലയ്ക്ക് അവളുടെ അമ്മയുടെ മണമായിരുന്നു.പെട്ടെന്ന് തന്റെ

കൈയിൽ തൊടുന്നതായി അവൾക്ക് തോന്നി.അത് അവളുടെ കൂട്ടുകാരി ആയിരുന്നു.ഹോസ്റ്റലിൽ അവരുമൊത്ത് ഒന്നിച്ചായിരുന്നു താമസം.വർണ്ണത്തിളക്കത്തിന്റെ ലോകം അവരെ വളരെവേഗം മാറ്റികൊണ്ടിരിന്നു.അവരുമൊത്ത് കോളെജിലേക്കുള്ള യാത്ര.

ദിവസങ്ങൾ കടന്നുപോയി.അമ്മ എന്നും മകൾക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കും.അന്ന കോളെജിൽ എല്ലാകാര്യങ്ങളിലും ഒന്നാമതായിരുന്നു.പഠനത്തിൽ ജാഗ്രതയർപ്പിച്ച് അവൾ മുന്നോട്ട് നീങ്ങി.പക്ഷേ ചുറ്റും വട്ടമിട്ടു പറക്കുന്ന കഴുകന്റെ കണ്ണുകളായിരുന്നു.തികച്ചും ആർഭാടമായ ജീവിതമായിരുന്നു കൂട്ടുകാരുടേത്.ക്ലാസ്സ് കട്ട് ചെയ്ത് സിനിമയ്ക്ക് പോവുക ,ചിലപ്പോഴൊക്കെ അവർ അന്നയെ

നിർബദ്ധിക്കുമായിരുന്നു.എന്നാൽ അവൾ ചെവികൊടുത്തില്ല.

മാസത്തിന്റെ ഒരു അവസാന വെള്ളിയാഴ്ച്ചയായിരുന്നു അത്. പതിവുപൊലെ കൂട്ടുകാരികൾ പാർട്ടിക്ക് ബാറുകളിൽ പോകാൻ തയ്യാറായി.അവൾ അന്നയെ നിർബദ്ധിച്ചു.പരീക്ഷയെല്ലാം

തീർന്നു.ഇനി വിശ്രമസമയമാണ്.വെറുതെയൊന്നു പോയാലെന്താ?ഇത്തരം ചിന്തകൾ അവളെ ചഞ്ചലപ്പെടുത്താൻ തുടങ്ങി.അവസാനം പോകാനായി അവൾ തീരുമാനിച്ചു.

ഇതേ സമയം മകൾക്കായി ആ പാവം അമ്മ ജപമാല ചൊല്ലുകയായിരുന്നു.കരഞ്ഞ് പ്രർത്ഥിക്കുന്നതിനിടയിൽ അമ്മയുടെ കൈയിൽ നിന്ന് ജപമാല ശക്തമായി താഴെക്ക് വീണു.എന്തോ അപായമുണ്ട് .തന്റെ മകൾക്ക് ക്കെന്തെങ്കിലും സംഭവിച്ചു കാണുമോ?അമ്മയുടെ ഉള്ളം പിടഞ്ഞു.അറ്റത്തിരുന്ന ഫൊണെടുത്ത അമ്മ മകളെ വിളിച്ചു.പാർട്ടിക്ക് പോകാനായി മുന്തിയ വസ്ത്രം കൂട്ടുകാരിയുടെ കയ്യിൽ നിന്നും വാങ്ങി

**അണിഞ്ഞൊരുങ്ങുകയായിരുന്ന അവൾ ഫോൺ എടുത്തു.പേടിച്ച് വിറച്ച അമ്മയുടെ ശബ്ദം മരണമണി പൊലെ അവളുടെ ചെവികളിൽ മുഴങ്ങി മോളെ നീ ഇപ്പോൾ എന്തു ചെയ്യുവാ? "അന്ന മടിച്ചുമടിച്ച് പറഞ്ഞു.അമ്മ ഞാനിപ്പോൾ ഫ്രണ്ട്സിനോടുകൂടെ പാർട്ടിക്കുപോകാൻ ..........”."വേണ്ട" അമ്മ ഉറക്കെ പറഞ്ഞു."തുടക്കത്തിലെ ഞാൻ**

**പറഞ്ഞതല്ലേ.ഇതിനൊന്നും പോകരുതെന്ന് .നീ വരുന്നില്ലെന്ന് പറഞ്ഞേക്ക്.”**

**അമ്മയുടെ ശാസന അവൾ കേട്ടു.ബാഗിന്റെ അറയിൽ**

**ജപമാലയെടുത്ത് അവൾ കയ്യിൽ പിടിച്ചു.അച്ഛൻ മരിച്ചിട്ടും തനിക്കുവേണ്ടി എരിഞ്ഞമർന്ന അമ്മയുടെ മുഖമോർത്ത് അവൾ**

**കട്ടിലിനോട് മുഖമണച്ചു.അപ്പോഴേക്കും കൂട്ടുകാർ പോയിക്കഴിഞ്ഞിരുന്നു.ജപമാല ചൊല്ലിച്ചൊല്ലി എപ്പോഴാണ് ഉറങ്ങിയതെന്ന് അവൾ പോലും അറിഞ്ഞില്ല .**

**പിറ്റേന്ന് അവൾ ഉണർന്നത് ആ വാർത്ത കെട്ടുകൊണ്ടാണ്.തന്റെ കൂട്ടുക്കാർ ഒരു ഹോട്ടൽ റെയ്ഡിൽ പിടിക്കപ്പെട്ടു.തുടർച്ചയായി വരുന്ന അധ്യാപകരുടെയും അമ്മയുടെയുടെയും ഫോൺ കോളുകൾ.ഇല്ല തനിക്കോന്നും സംഭവിച്ചിട്ടില്ല.പതിഞ്ഞ സ്വരത്തിൽ അവൾ മറുപടി പറഞ്ഞു.വിശുദ്ധി കാത്തുസൂക്ഷിക്കാനായി തന്നെ സഹായിച്ച ജപമാല അപ്പോഴും അവൾ നെഞ്ചോട് ചേർത്തുപിടിച്ചിരുന്നു.**

# സ്നേഹം

*ജോസ്മി ആന്റണി 9C*

ഒരിക്കൽ ഒരിടത്ത് ഹരിനഗർ എന്ന നഗരമുണ്ടായിരുന്നു.അവിടെ ഒരുപാട് ആളുകൾ ജീവിച്ചിരുന്നു.അവർ പരസ്പരം അസൂയ കൂടാതെ സ്നേഹത്തോടെ ജീവിച്ചിരുന്നു.ആ നഗരത്തിൽ ദൈവകൃപ നിറഞ്ഞ് നിന്നിരുന്നു.അങ്ങനെയിരിക്കെ ഒരു ദിവസം ആ നഗരം വലിയൊരു പ്രശ്നത്തിൽ അകപ്പെട്ടുപ്പോയി.ഡാം പൊട്ടി വെള്ളം ഹരിനഗരിലേക്ക് ഇരച്ചുക്കയറി.രാവിലെ കണ്ണുത്തുറന്ന നാട്ടുക്കാർ കണ്ടത് ചുറ്റും വെള്ളം ഒരു സഹായം ലഭിക്കാൻ അവർ പരസ്പരം ഓടി.വീടിന് മുകളിലേക്ക് കയറി.താഴെ ഇറങ്ങാൻ സാധിക്കുന്നില്ല.അവർ ദു:ഖത്തിലാണ്ടു.അങ്ങനെ ഇരിക്കെ ഒരു വള്ളം വെള്ളത്തിലൂടെ ഒഴുകി വരുന്നത് ഒരു മത്സ്യത്തൊഴിലാളിക്ക് ഒരു ബുദ്ധി തോന്നി.ആ വള്ളം അയാൾ ഇരുന്ന വീടിന് നേർക്ക് ഒഴുകി വരുന്നത് അയാൾ ശ്രദ്ധിച്ചു.വേഗം അയാൾ ആ വള്ളം പിടിച്ചു നിർത്തി അതിൽ കയറിയിരുന്ന് തുഴഞ്ഞു.കണ്ണിൽ കണ്ട എല്ലാവരെയും അയാൾ വള്ളത്തിലേക്ക് കയറ്റി.സുരക്ഷിത സ്ഥാനങ്ങളിലേക്ക് വിടുകയും ചെയ്തു.പ്രതീക്ഷയുടെ ഒരു പൊൻ കിരണം അവിടെ വീശി.എല്ലാവരെയും രക്ഷപ്പെടുമെന്ന വിശ്വാസിച്ചിരുന്ന

ജനത്തിനുനേരെ ദൈവത്തിന്റെ ദൂതന്മാരെപോലെ മത്സ്യത്തൊഴിലാളികൾ വള്ളത്തിൽ വരുന്നത് കണ്ടു.ഒരാൾ വിളിച്ചു പറഞ്ഞു.ഇതാ ദൈവത്തിന്റെ ദൂതന്മാർ നമ്മുക്ക് ദൈവത്തോട് നന്ദി പറയാം.വള്ളം അടുത്തുവരുന്ന നേരം കൊണ്ട് അവർ ദൈവത്തെ സ്തുതിച്ചു.അങ്ങനെ അവർ രക്ഷപ്പെട്ടു.നഗരത്തിലെ വെള്ളം ഇറങ്ങി.അവർ സ്വന്തമായി സ്നേഹത്തോടെ ഒരു പുതിയ ഡാം നിർമ്മിക്കുകയും അതോടൊപ്പം ദൈവത്തെ സ്തുതിച്ച് ആരാധിക്കുകയും ചെയ്തു പരസ്പരം സഹായത്തോടെ അവർ ആ നഗരത്തെ പഴയപോലെ വീണ്ടെടുക്കുകയും ചെയ്തു. സ്നേഹം എവിടെയുണ്ടോ അവിടെ വിജയമുണ്ട്.

# അതിജീവനത്തിന്റെ നാളുകൾ

മരിയാ കെ ലിജോ 9C

ഒരു ചെറിയ ഗ്രമം ഉണ്ടായിരുന്നു.ആ ഗ്രമത്തിൽ കുറച്ച് ആളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.അങ്ങനെ സ്ഥലമുണ്ടെന്നുപോലും ആർക്കും അറിയില്ലായിരുന്നു.ആ സ്ഥലത്ത് പ്രളയം കൂടുതലായി അനുഭപ്പെട്ടു.ആ ഗ്രാമത്തിൽ ഒരു വീടു മാത്രം അവശേഷിച്ചു.ബാക്കിയുള്ള എല്ലാവരും രക്ഷപ്പെട്ടു.ആ കുടുംബത്തെ രക്ഷിക്കാൻ ആരും വന്നില്ല.ആ കുടുബത്തിൽ രണ്ട് മക്കളും ഒരു അമ്മയുമായിരുന്നു ഉണ്ടായിരുന്നു.അവരുടെ അച്ഛൻ ഒരു അപകടത്തിൽ മരണപ്പെട്ടു.ആ പ്രളയത്തിൽ വളരെ പീഡകൾ സഹിക്കേണ്ടി വന്നു.അവർക്ക് അവരുടെ വീട് നഷ്ടമായി.ആരും രക്ഷിക്കാനില്ല.ഒട്ടുവിൽ ഒരു ഹെലിക്കോപ്റ്റർ അവരെ രക്ഷിക്കാൻ വന്നു.ദൈവത്തിന്റെ കരം അവരെ തേടിയെത്തി.

# പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ

മനു മോഹൻ 9D

ഒരു തള്ളക്കിളിയരുമക്കുഞ്ഞുങ്ങൾ-
ക്കിരയുമായിതാ തിടുക്കത്തിൽ പറ-
ന്നണയുന്നു, പെട്ടെന്നവൾ നടുങ്ങുന്നു!
പിടയുന്നു! ചുറ്റിപ്പറന്നുഴലുന്നു!
അവളുടെ വിളി മനുഷ്യഭാഷയിൽ
ഇതായിരിക്കാമെന്നെനിക്കു തോന്നുന്നു:
നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു?
നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു?

(സുഗതകുമാരി)

# സൗന്ദര്യലഹരി

ഗോപു ആർ എസ് 9D

പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാണ്മൂ

പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ

ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി-

ട്ടെത്രകാലമാ, യെന്നാലിനിയും തീർന്നില്ലല്ലോ!

ഓരോരോ ദിവസവുമർത്യനർഘമായീട്ടും

ചാരുതയൊന്നീ ലോകഗോളത്തെപ്പുതുക്കുന്നു.

അല്ലെങ്കിൽ, പ്രാപഞ്ചികജീവിതത്തിനെ, നമ്മ-

ളെല്ലാരുമിതിൻമുൻപേ വെറുത്തുകഴിഞ്ഞേനെ!

പൂർവദിങ്മുഖത്തിങ്കൽ സിന്ദൂരപൂരം പൂശി-

പ്പൂവിനെച്ചിരിപ്പിച്ചു വന്നെത്തും പുലരിയും;

മുല്ലമൊട്ടുകൾ വാരി വാനിങ്കൽ വിതറിക്കൊ-

ണ്ടുല്ലാസഭരിതയായണയും സന്ധ്യശ്രീയും;

വാനിലുല്ലസിച്ചീടും വാർമതിയൊഴുക്കുന്ന

പൂനിലാവിങ്കൽ കുളിച്ചെത്തീടും രജനിയും;

എന്തിനിപ്രകൃതിയിൽ സൗന്ദര്യമയമായു-

ള്ളെന്നും, ഹാ! ജീവിതത്തെ മധുരിപ്പിച്ചിടുന്നു!

കുളിർത്ത മണിത്തെന്നൽ സൗരഭോന്മാദം പൂണ്ടു

തളിർത്ത തരുക്കളെത്തഴുകിത്തളരവേ;

അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി-

ത്തൻത്തിരകളാൽ താളംപിടിച്ചു പാടിപ്പാടി

പാറക്കെട്ടുകൾതോറും പളുങ്കുമണി ചിന്നി-

യാരണ്യപ്പൂഞ്ചോലകലാമന്ദമൊഴുകവേ;

മരന്ദംതുളുമ്പുന്ന മലരിൻ ചുറ്റുംകൂടി

മുരളും തേനീച്ചകൾപറന്നുകളിക്കവേ;

വല്ലികാനടികൾ നൽ പല്ലവാകുലമായ

ചില്ലകൈയുകളാട്ടി നർത്തനം ചെയ്തീടവേ;

അറിയാതവരോട് കൂടി നമ്മളു, മേതോ

പരമാനന്ദപ്രവാഹത്തിങ്കൽ മുഴുകുന്നു.

ഈവിധം മനോഹരവസ്തുക്കളെല്ലാം, നമ്മെ-

ജ്ജീവിക്ക, ജീവിക്ക കെ,ന്നുദ്ബോധിപ്പിപ്പൂ നിത്യം.

ബാഷ്പാഞ്ജലി

(ചങ്ങമ്പുഴ കൃഷ്ണപിള്ള)

## " വിശുദ്ധിയിലൂടെ ഈശോയിലേക്ക്"
## ജാങ്കോയുടെതീരുമാനം

**ഗോപു ആർ എസ് 9D**

ജാങ്കോ ഗവൺമെന്റ് സ്കൂളിലാണ് പഠിക്കുന്നത്. അവന്റെ സ്കൂളിലാണ് ലഹരിക്കടിമപ്പെട്ടവരുണ്ടെന്നവനറിയാം. എന്നാൽ അവർക്കുവേണ്ടി ഒന്നും ചെയ്യാൻ അവന് സാധിക്കില്ല. പക്ഷേ, അവൻ എന്നും പള്ളിയിൽ പോകുമ്പോൾ അവർ ക്കുവേണ്ടി പ്രാർത്ഥിക്കുകയും അതിന് മറ്റുള്ളവരോട് പറയുകയും ചെയ്യും. ഒരിക്കൽ ബാത്ത്റൂമിൽ വച്ച് ഒരു ചേട്ടൻ ലഹരി ഉപയോഗിക്കുന്നത് കണ്ടു. അത് തന്റെ പ്രിയമിത്രത്തിന്റെ സഹോദരൻ ആണെന്ന് അവൻ മനസ്സിസാക്കി. അവനത് കൂട്ടുകാരനോട് പറഞ്ഞു. അവനും ലഹരിക്കടിമയാണെന്നവൻ അപ്പോഴാണവൻ അറിയുന്നത്. അവൻ വിഷമാസക്തിയിലായി. ഇവനോടാണ് താൻ അടുത്തിടപഴകിയതെന്നവനോർക്കുമ്പോൾ അവൻ കൂടുതൽ സങ്കടപ്പെടുന്നു. പിറ്റേന്ന് അവൻ

ദൈവാലയത്തിൽ പോയപ്പോൾ ഇവനുവേണ്ടി അത്മാർത്ഥമായി ഹൃദയംനൊന്ത് പ്രാർത്ഥിച്ചു.

അവൻ പ്രിൻസിപ്പിലിനോട് ഇത് പറയാൻ തീരുമാനിച്ചു. എന്നാൽ പെട്ടെന്ന് അവനതു വേണ്ടെന്നു തോന്നി. കാരണം, പിന്നീട് തന്റെ സുഹൃത്തിനുണ്ടായേക്കാവുന്ന മാനഹാനിയെക്കുറിച്ചവനാലോചിച്ചു. അവൻ വളരെ ആശയക്കുഴപ്പത്തിലായി. അവസാനം,ജാങ്കോ അവനെ തന്റെ കഴിവുപോലെ മാറ്റിയെടുക്കാൻ ശ്രമിക്കാൻ തുരുമാനിച്ചു. തനിക്കതിന് സാധിച്ചില്ലെങ്കിൽ അധികാരികളെ അറിയിക്കാനും തീരുമാനിച്ചു. അവൻ അന്നു തന്റെ സുഹൃത്തിനോടിതിനെപ്പറ്റി വളരെ കാര്യങ്ങൾ പറഞ്ഞു. എന്നാലവനതിനോടെതിരായാണ് വർത്തിച്ചത്. ജാങ്കോ അന്ന് വൈകുന്നേരം അവനെ പള്ളിയിൽ കൊണ്ടുപോയി. വികാരിയച്ചൻ അവനെ വളരെയധികം ഉപദേശിച്ചു. അവർ വീട്ടിൽ പോയി. പിറ്റേന്ന് പള്ളിയിൽ വന്ന ജാങ്കോ കണ്ടത് കുംബസാരക്കൂട്ടിൽ നിൽക്കുന്ന സുഹൃത്തിനെയാണ്. കുർബാനയ്ക്കു ശേഷം അവൻ ജാങ്കോയോട് തന്റെ പുതിയ തീരുമാനത്തെപ്പറ്റി പറഞ്ഞു. ലഹരി പൂർണ്ണമായും വർജ്ജിക്കുമെന്നും, എന്നും പള്ളിയിൽ പോകുമെന്നും ഇനി ഈശോയോട് കൂടുതൽ അടുക്കാൻ ശ്രമിക്കുമെന്നുമവൻ പറഞ്ഞു. അവർ പിന്നീട് സ്കൂളിലെ മാതൃകാ സുഹൃത്തുക്കളായി ജീവിച്ചു.

# നഗരത്തിൽ ഒരു യക്ഷൻ

മനു മോഹൻ 9D

മാഞ്ഞൂ പൂതുമ; വിവാഹിതയാം മുമ്പു
നീയണിയാറുള്ള ഭംഗികൾക്കൊക്കെയും
വേനലിൻ ചൂടിൽ വരണ്ടു, കൊടുംമഞ്ഞു-
കാലത്തഭംഗികലർന്നു നിൻചുണ്ടുകൾ
പേന മരിച്ചുകിടപ്പൂ നിൻ ടങ്കിന്റെ
മൂലയിൽ, കൊക്കുൾ പൂട്ടിയിരുന്നു നാം.
എത്രയോ ദമ്പതിമാർ തൻ മധുവിധു-
ച്ചിത്രങ്ങൾതൂങ്ങും തളത്തിലെ ഭിത്തിമേൽ
നാമന്നു നിഷ്കർഷ പാലിച്ചെടുത്തൊരാ-
ച്ഛായയും തൂങ്ങിക്കിടപ്പുണ്ടൊരോർമ്മയായ്.
മാറ്റമുണ്ടാകയാൽ രണ്ടുനാൾ ദൂരത്തി-
ലുള്ള തിരക്കാർന്ന പട്ടണം പൂകി ഞാൻ
ഓഫീസിലൊപ്പം പണിയെടുക്കുന്നവ-
രൊത്തൊരു 'ലോഡ്ജി 'ൽ കഴിയുന്ന വേളയിൽ
നിന്നഭാവത്തിലനുഭവിക്കുന്നു ഞാ-
നമ്മയെപ്പണ്ടു പിരിഞ്ഞതിൻ വേദന.
വീറുപിടിച്ചവർ വാദിച്ചു വിശ്രമ-

വേളയിൽ  വൃത്താന്തപത്രക്കുറിപ്പുകൾ
(തങ്ങൾതന്നുള്ളറയിങ്കലൊറ്റയ്ക്കിരു-
ന്നപ്പൊഴും  കേഴുകയാണവരെങ്കിലും).
ബാല്യകാലത്തിൻ നുറുങ്ങുകഥകളാൽ
പിന്നെയും  മാധുരി ചേർത്തു നീ കാപ്പിയിൽ
ബോംബെയിൽ  താമസിച്ചീടമമ്മായിതൻ
വീമ്പും  പകൽവന്ന  ഭിക്ഷുവിൻ ദൈന്യവും
ഞാനറിയാതയൽപക്കത്തുകാരിതൻ
മാസക്കറിയിൽ  നറുക്കൊന്നു ചേർന്നതും
രാവിൽ  നിലാവുമറയുംവരെച്ചൊല്ല